**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3598** **26-10-2021 - ൽ മറുപടിയ്ക്ക്**

**വേഗതയുടെ പരിധി നിർണ്ണയിക്കലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഏതൊക്കെ വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 118 അനുശാസിക്കുന്ന പ്രകാരം യാത്രാ വാഹനങ്ങളായTwo wheeler, Three wheeler, Quadricycles, Fire tenders, Ambulances, Police vehicles എന്നിവ ഒഴികെയുള്ള വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കേണ്ടതാണ്. |
| (ബി) | ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും ബൈപ്പാസുകളുടെ എണ്ണം കൂടുകയും ചെയ്ത പശ്ചാത്തലത്തിൽ ഓരോ റോഡിലും അനുവദിച്ചിട്ടുള്ള വേഗതയുടെ പരിധി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും ബൈപ്പാസുകളുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ടെങ്കിലും വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴുണ്ടാകുന്ന ആഘാതവും, അവയുടെ അനന്തരഫലവും, അവമൂലം മരണം സംഭവിക്കാനുള്ള സാധ്യതകളും കണക്കിലെടുത്ത് ഓരോ റോഡിലും അനുവദിച്ചിട്ടുള്ള വേഗപരിധി വർദ്ധിപ്പിക്കാനുള്ള തീരുമാനം ഒന്നും നിലവിൽ എടുത്തിട്ടില്ല. ഇതു സംബന്ധിച്ച പഠനങ്ങൾ ഒന്നും മോട്ടോർ വാഹന വകുപ്പ് നടത്തിയിട്ടില്ല. |
| (സി) | ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്ത റോഡുകളിൽ സ്പീഡ് വർദ്ധിച്ചു എന്നതിന്റെ പേരിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28.02.2014- ലെ GO (P) No. 20/14/Trans വിജ്ഞാപനത്തിലൂടെ കേരളത്തിലെ റോഡുകളുടെ വേഗപരിധി നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ 6/4/2018 -ലെ SO 1522 (E) നമ്പറിൽ കേന്ദ്രസർക്കാർ വേഗപരിധി പുനഃനിർണയിച്ച് ഉത്തരവായിട്ടുണ്ട്. ഇത് കൂടി പരിശോധിച്ച്, വേഗപരിധി ഉൾപ്പടെയുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ ചുമതലപ്പെട്ടിട്ടുള്ള വകുപ്പുകളോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ